ഇറയം റിസർച്ച് ജേർണൽ

September-December 2024 Volume VIII Issue 3

# ക്രമാനുഗതപൂർവപാഠനപരിശോധനയും മലയാളഗവേഷണങ്ങളുടെ സമകാലികാവസ്ഥയും – ഒരു വിശകലനം

**ഡോ.തനുജ ജി.**

സംഗ്രഹം

മലയാള ഗവേഷണങ്ങളിലെ പൂർവ്വപഠനപരിശോധനയുടെ (Literature Review) സമകാലികാവസ്ഥയെ വിമർശനാത്മകമായി വിലയിരുത്തുകയും, ക്രമാനുഗതപൂർവപഠനപരിശോധനയുടെ (Systematic Review of Literature – SLR) പ്രാധാന്യം വ്യക്തമാക്കുകയും ചെയ്യുന്നു. ഏതൊരു ഗവേഷണത്തിന്റെയും ദിശയും ഗുണവും നിർണ്ണയിക്കുന്ന അടിസ്ഥാന പ്രവർത്തനമാണ് പൂർവ്വപഠനപരിശോധനയെങ്കിലും , മലയാളത്തിലെ പല ഗവേഷണ പ്രബന്ധങ്ങളിലും ഇത് ശുഷ്കമായ ക്രോഡീകരണമോ നീണ്ട വിവരണമോ ആയി ഒതുങ്ങിപ്പോകുന്നു എന്ന് ലേഖിക വാദിക്കുന്നു. നിലവിലുള്ള പഠനങ്ങളിലെ വിടവുകൾ കണ്ടെത്തുക , ഗവേഷണ ചോദ്യങ്ങൾ രൂപീകരിക്കുക , സൈദ്ധാന്തിക അടിത്തറ ഉറപ്പിക്കുക എന്നിവയാണ് പൂർവ്വപഠനപരിശോധനയുടെ പ്രധാന ലക്ഷ്യങ്ങൾ. ലേഖിക തിരഞ്ഞെടുത്ത അഞ്ച് ഗവേഷണപ്രബന്ധങ്ങളെ വിശകലനം ചെയ്തുകൊണ്ട്, ചില പ്രബന്ധങ്ങളിലെ പൂർവ്വപഠനപരിശോധന കേവലം ഗ്രന്ഥസൂചിയുടെ സ്വഭാവം മാത്രം പുലർത്തുമ്പോൾ , മറ്റു ചിലത് മുൻകാല പഠനങ്ങളെ വിമർശനാത്മകമായി സമീപിക്കുകയും പുതിയ നിരീക്ഷണങ്ങൾക്ക് അടിത്തറയിടുകയും ചെയ്യുന്നതായി ചൂണ്ടിക്കാണിക്കുന്നു. പക്ഷപാതരഹിതവും ശാസ്ത്രീയവുമായ രീതിശാസ്ത്രം പിന്തുടരുന്ന ക്രമാനുഗതപഠനപരിശോധന (SLR) എന്ന സാധ്യതയെ മലയാള ഗവേഷകർ കൂടുതൽ ഗൗരവത്തോടെ സമീപിക്കണമെന്നും, എങ്കിൽ മാത്രമേ ഗവേഷണങ്ങൾക്ക് ആധികാരികത കൈവരുകയുള്ളൂവെന്നും ലേഖനം സമർത്ഥിക്കുന്നു

**താക്കോൽ വാക്കുകൾ:** ലിറ്ററേച്ചർ റിവ്യൂ, ഗവേഷണം, ക്രമാനുഗത പൂർവപഠന പരിശോധന, അക്കാദമികപ്രബന്ധ രചന

**ആമുഖം**

ഒരു നിശ്ചിതജ്ഞാനമണ്ഡലത്തിലെ സവിശേഷമായ ഒരു ഗവേഷണ പ്രശ്നം കണ്ടെത്തി അതിനെ ചോദ്യങ്ങളാക്കി വികസിപ്പിച്ച് നിശ്ചിതമായ ഒരു രീതിശാസ്ത്രത്തിലൂടെ ഗവേഷണം നടത്തി ചില പുതിയ അറിവുകളെ ഉത്പാദിപ്പിക്കുകയും അത് ജ്ഞാനചരിത്രത്തിലേക്ക് ഉൾച്ചേർത്തുകയും ചെയ്യുന്ന അക്കാദമികമായ ഒരു പ്രവൃത്തിയാണല്ലോ ഗവേഷണം. ഗവേഷണപ്രശ്നം തിരിച്ചറിയുന്നതുതൊട്ട് നമ്മുടെ ഗവേഷണഫലം പ്രസിദ്ധീകരിക്കുന്നതുവരെ ഒമ്പതു ഘട്ടങ്ങൾ ഏത് ഗവേഷണപ്രക്രിയയിലും ഉണ്ട്. ഗവേഷണപ്രശ്നം കണ്ടെത്തുന്നതിനുവേണ്ടിയും തുടർന്നുവരുന്ന ഗവേഷണരൂപകല്പനയ്ക്കു വേണ്ടിയും അനിവാര്യമായ ഒരു പ്രാഥമിക പ്രവർത്തനമാണ് പൂർവപഠനാവലോകനം. ഗവേഷണത്തിന്റെ ആദ്യ ഘട്ടത്തിൽ കണിശമായും വിപുലമായും നടത്തേണ്ട ഒരു പ്രധാന ഗവേഷണപ്രവർത്തനമാണിത്. അതുകൊണ്ടുതന്നെയാണ് ഏത് ഗവേഷണപ്രബന്ധത്തി

ന്റെയും ആദ്യ അധ്യായം പൂർവപഠനാവലോകനമാകുന്നത്. നമ്മുടെ ഗവേഷണപ്രബന്ധത്തിന്റെ ദിശയെയും ഗുണത്തെയും നിർണയിക്കുന്നത് ഈ പണിയാണ്. എന്നാൽ കൃത്യമായി ചിട്ടപ്പെടുത്തിയ ഒരു പൂർവപഠനപരിശോധന നമ്മുടെ ഗവേഷണപഠനങ്ങളിൽ പൊതുവെ കാണാറില്ല. ശുഷ്കമായ ക്രോഡീകരണമോ നീണ്ട വിവരണമോ ആയി അവ പരിമിതപ്പെട്ടിരിക്കുന്നു. വിമർശാത്മക വിലയിരുത്തലിന്റെ അഭാവം മിക്ക പ്രബന്ധങ്ങളിലും കാണാം. ഈ പശ്ചാത്തലത്തിൽ ക്രമാനുഗതപൂർവപഠനപരിശോധന(Systematic Review of Literature – SLR) എന്താണെന്നും അതെങ്ങനെയാണ് നിർവഹിക്കുന്നതെന്ന് മനസിലാക്കുന്നതും അത്യാവശ്യമാണ്. ക്രമാനുഗതപൂർവപഠനപരിശോധന എന്താണെന്ന് വിശദീകരിച്ച് അതിന്റെ അടിസ്ഥാനത്തിൽ മലയാളത്തിൽ പുറത്തിറങ്ങിയ ചില ഗവേഷണപ്രബന്ധങ്ങളിലെ പൂർവസാഹിത്യാവലോകനം പരിശോധിച്ച് അതിന്റെ പ്രശ്നങ്ങൾ നിർധാരണം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**പൂർവപഠനപരിശോധന എന്തിന്?**

പൂർവപഠന പരിശോധന പൊതുവെ എല്ലാ ഗവേഷണപ്രബന്ധങ്ങളുടെയും ആദ്യ അധ്യായമായി നൽകപ്പെട്ടുകാണുന്നുണ്ട്. ഗവേഷണത്തിലേക്ക് പ്രവേശിക്കുന്നയാൾ നിർബന്ധമായും നടത്തേണ്ട ഒരു പ്രവർത്തനമായാണ് മുൻകാല പഠനങ്ങളുടെ വിമർശാത്മക പരിശോധന. അതിന്റെ പ്രാധാന്യമെന്താണെന്നൊന്ന് അപഗ്രഥിക്കാം.

**1. നിശ്ചിതവിഷയത്തിൽ നിലനിൽക്കുന്ന അറിവുകൾ സമഗ്രമായി മനസ്സിലാക്കുന്നതിലേക്ക്:**

ഗവേഷണവിഷയത്തെക്കുറിച്ചുള്ള നിലവിലെ പഠനങ്ങളും കണ്ടെത്തലുകളും എന്താണെന്ന് വ്യക്തമാവാൻ സാഹിത്യാവലോകനം സഹായിക്കുന്നു. അതോടൊപ്പം ഈ മണ്ഡലത്തിലെ പൂർവപഠനങ്ങൾ ക്രോഡീകരിക്കുന്നതുവഴി നിലവിലുള്ള പഠനങ്ങളുടെ പരിമിതികളും ശക്തിയും ദിശയും മനസ്സിലാക്കാനും സാധിക്കും. ആ മുൻകാല പഠനങ്ങളുടെ ബലത്തിൽനിന്നുമാത്രമേ നമുക്ക് പുതിയ പഠനത്തിലേക്ക് എത്തിച്ചേരാനാവൂ.

**2. ഗവേഷണ വിടവ് കണ്ടെത്തുന്നതിനായി:**

ഒരു നിശ്ചിതജ്ഞാനമണ്ഡലത്തിലേക്ക് നമ്മുടെ അന്വേഷണം ബഹുവിധം കണ്ണി ചേർക്കപ്പെടുകയും അത് ജ്ഞാനചരിത്രത്തിന്റെ ഭാഗമായിത്തീരുകയുമാണല്ലോ ഒരു നല്ല ഗവേഷണത്തിലൂടെ സംഭവിക്കുന്നത്. ഇതിന് പൂർവജ്ഞാനം അറിഞ്ഞേ മതിയാകൂ. പൂർവപഠനത്തിലുണ്ടായ അപര്യാപ്തതകളാണ് ഒരു പുതിയ പഠനത്തെ സാധുവാക്കുന്നത്. സാഹിത്യ പരിശോധനയുടെ പ്രാഥമിക ഉദ്ദേശ്യം നിലവിലുള്ള ഗവേഷണത്തിലെ വിടവുകൾ കണ്ടെത്തുക എന്നതാണ്. ഏത് മേഖലയിലാണ് കൂടുതൽ ഗവേഷണം ആവശ്യമുള്ളതെന്ന് കണ്ടെത്താൻ ഇത്തരം സാഹിത്യ അവലോകനം സഹായകരമാണ്. നിലവിലുള്ള പഠനങ്ങളിൽ ഇല്ലാത്തതും എന്നാൽ പഠിക്കേണ്ടതുമായ കാര്യങ്ങൾ കണ്ടെത്തുമ്പോഴാണ് നമ്മുടെ ഗവേഷണപ്രശ്നവും ചോദ്യങ്ങളും ആവിർഭവിക്കുന്നത്.

**3. ഗവേഷണ ചോദ്യങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി:**

സാഹിത്യ അവലോകനത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ അപഗ്രഥിച്ചാൽ നമ്മുടെ ഗവേഷണ പ്രശ്നം തെളിഞ്ഞുവരും. തുടർന്ന് വ്യക്തമായ ഗവേഷണ ചോദ്യങ്ങൾ രൂപീകരിക്കാനാവും. നിലവിലുള്ള

അറിവുകളുടെ അടിസ്ഥാനത്തിൽ ഗവേഷണം എങ്ങോട്ടു നയിക്കണം എന്ന് തീരുമാനിക്കാൻ ഇതുവഴി സാധിക്കുന്നു.

**4. ഗവേഷണസന്ദർഭവും പരിസരവും ഉറപ്പിക്കൽ:**

സാഹിത്യ പരിശോധന പുതിയ ഗവേഷണത്തിന് പശ്ചാത്തലവും പരിസരവും നിശ്ചയിക്കുകകൂടി ചെയ്യുന്നുണ്ട്. സന്ദർഭം സാംസ്കാരികമോ സാമൂഹികമോ സഹിതീയമോ ജ്ഞാനശാസ്ത്രപരമോ ആവാം. ഏതായാലും പഠനത്തിന്റെ യുക്തിയും പ്രസക്തിയും രൂപപ്പെടുന്നത് അവിടെനിന്നാണ്. പഠനപശ്ചാത്താലം മനസിലാക്കൽ നമ്മുടെ ഗവേഷണമാതൃക രൂപകല്പന ചെയ്യുന്നതിൽ നിർണായകമാണ്. നമ്മുടെ ഗവേഷണം എന്തുകൊണ്ട് പ്രധാനപ്പെട്ടതെന്ന് വ്യക്തമാക്കാൻ സാഹിത്യ അവലോകനം സഹായിക്കും. നിലവിലുള്ള ജ്ഞാനസന്ദർഭവുമായി നമ്മുടെ ഗവേഷണം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് അതുവഴി തെളിയിക്കാനുമാവും.

**5. സൈദ്ധാന്തിക ചട്ടക്കൂടുകൾ ഉറപ്പിക്കൽ:**

ഗവേഷണത്തിന് ആവശ്യമായ സിദ്ധാന്തപരമായ അടിത്തറ നൽകാൻ സാഹിത്യാവലോകനം സഹായിക്കുന്നു. നിലവിലുള്ള സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ കണ്ടെത്തലുകളെ വ്യാഖ്യാനിക്കാനുള്ള വഴി ചിലപ്പോൾ തുറന്നേക്കാം. പുതിയ ഉൾക്കാഴ്ചകൾ, സൈദ്ധാന്തികസാധ്യതകൾ ഇവയൊക്കെ പൂർവപഠനപരിശോധന വഴി പരിചയപ്പെടാനാവും. അതുകൊണ്ടുതന്നെ ഗവേഷണത്തിന് ദിശാബോധവും ആശയാടിത്തറയും നൽകുന്ന സൈദ്ധാന്തിക ചട്ടക്കൂടുകൾ അല്ലെങ്കിൽ സങ്കല്പനമാതൃകകൾ തിരിച്ചറിയുന്നതിനും അതിനെ യുക്തിഭദ്രമാക്കുന്നതിനും നിലവിലുള്ള പഠനങ്ങളുടെ സാഹിത്യ പരിശോധന സഹായകരമാണ്.

**6. ഗവേഷണ രീതിശാസ്ത്രം വികസിപ്പിക്കുന്നതിന്:**

നമ്മൾ ഇടപെടാൻ പോകുന്ന ജ്ഞാനമണ്ഡലത്തിൽ ഉപയോഗിച്ചുവരുന്ന രീതിശാസ്ത്ര പദ്ധതികൾ മനസ്സിലാക്കാനും അതിന്റെ പ്രയോഗരീതികളെ സംബന്ധിച്ച ധാരണാരൂപവത്കരണത്തിനും പൂർവപഠനങ്ങളുടെ അവലോകനം സഹായിക്കും. അതിലൂടെ സ്വന്തം രീതിശാസ്ത്രസമീപനം ഉറപ്പിക്കാനും ആ തെരഞ്ഞെടുപ്പിന്റെ യുക്തി മുന്നോട്ടുവെക്കാനും സാധിക്കുന്നു. നിലവിലുള്ള പഠനങ്ങൾ പരിശോധിക്കുന്നതുവഴി മറ്റ് ഗവേഷകർ ഉപയോഗിച്ച രീതികൾ മനസ്സിലാക്കി നമ്മുടെ ഗവേഷണത്തിന് ഏറ്റവും അനുയോജ്യമായ രീതി തിരഞ്ഞെടുക്കാൻ സഹായിക്കുന്നു എന്നുമാത്രമല്ല, വിവിധ രീതിശാസ്ത്രങ്ങളുടെ ഗുണദോഷങ്ങൾ മനസ്സിലാക്കി നമ്മുടെ ഗവേഷണത്തിന് അനുയോജ്യമായ രീതി തിരഞ്ഞെടുക്കാനും ഈ പ്രവർത്തനം നമ്മെ പ്രാപ്തരാക്കുന്നു.

**7. ഗവേഷണമേഖലയിൽ ആഴത്തിലുള്ള അറിവു നേടുന്നതിനായി:**

നിശ്ചിതജ്ഞാനമണ്ഡലത്തിലെ പൂർവാന്വേഷണങ്ങളെ വിപുലമായി പരിശോധിക്കുന്നത് ആ മേഖലയെക്കുറിച്ച് ആഴത്തിലുള്ള ധാരണ ഉറപ്പിക്കുന്നതിന് അനിവാര്യമാണല്ലോ. ഗവേഷണത്തെ ഉപരിപ്ലവമാക്കാതെ, അതിന് വിശ്വാസ്യതയും ആധികാരികതയും ഗൗരവവും വർദ്ധിപ്പിക്കാൻ ഇതു സഹായിക്കുന്നു. നിലവിലുള്ള ഗവേഷണങ്ങളുമായി താരതമ്യം ചെയ്യുന്ന സമീപനം നമ്മുടെ ഗവേഷണത്തെ കൂടുതൽ ആശയവ്യക്തതയിലേക്ക് കൊണ്ടെത്തിക്കും. അതോടൊപ്പം നിലവിലുള്ള പഠനങ്ങളിലെ ആശയക്കുഴപ്പങ്ങൾ പരിഹരിക്കാനുമാവും.

**8. ആവർത്തനം ഒഴിവാക്കുന്നു:**

പൂർത്തിയാക്കിയ ഗവേഷണങ്ങളെ സംബന്ധിച്ചോ, നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളെക്കുറിച്ച് ആധികാരികമായ ഡാറ്റാബേസിന്റെ അഭാവം ഗവേഷണമേഖല നേരിടുന്ന പ്രധാന പ്രതിസന്ധിയാണ്. ഗവേഷണം വലിയൊരു ഘട്ടം പൂർത്തിയാവുമ്പോഴാണ് ഇതേ വിഷയത്തിൽ, ഇതേ ദിശയിൽ നേരത്തെതന്നെ പഠനങ്ങൾ നടന്നിട്ടുള്ളതായി പലർക്കും ബോധ്യമാവുക. മതിയായ പൂർവ പഠനത്തിന്റെ അഭാവമാണ് ഈ പ്രശ്നത്തിനു കാരണം. നിലവിലുള്ള പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിലൂടെ, നിങ്ങളുടെ ഗവേഷണം ആവർത്തിക്കുന്നില്ലെന്നും പകരം പുതിയ ഉൾക്കാഴ്ചകൾ ചേർക്കുന്നുവെന്നും ഉറപ്പാക്കുന്നു. പൂർവപഠനാവലോകനത്തിന്റെ പ്രസക്തി ഇതാണ്.

**9. പ്രധാന പ്രമേയങ്ങളും പ്രവണതകളും താക്കോൽവാക്കുകളും കണ്ടെത്താനാകുന്നു:**

നമ്മുടെ പഠന മണ്ഡലത്തിൽ പ്രസക്തമായതും പ്രധാനമായതും നിരന്തരമായി ആവർത്തിക്കുന്നതുമായ പ്രമേയങ്ങൾ, ആശയാവലികൾ, പ്രവണതകൾ എന്നിവ തിരിച്ചറിയാനും നമ്മുടെ പഠനത്തിൽ അതിനെ ഹൈലൈറ്റ് ചെയ്യുന്നതിനും നിലവിലുള്ള പഠനങ്ങളെ നമ്മുടെ പഠനത്തിലേക്ക് ഉദ്ഗ്രഥിക്കേണ്ടത് അത്യാവശ്യമാണ്. നിങ്ങളുടെ ഗവേഷണത്തിലെ പ്രധാന ആശയങ്ങൾ, ചരങ്ങൾ, അവ തമ്മിലുള്ള ബന്ധങ്ങൾ എന്നിവ ക്രമീകരിച്ച് മനസ്സിലാക്കുന്നതിന് ഈ അപഗ്രഥനം സഹായിക്കും. പൂർവപഠനാവലോകനം നടത്തുമ്പോൾ, ഗവേഷണവുമായി ബന്ധപ്പെട്ട താക്കോൽ വാക്കുകൾ കണ്ടെത്താനാവും. ഇത് പിന്നീടുള്ള നമ്മുടെ പഠനത്തിൽ കൂടുതൽ വിവരങ്ങൾ കണ്ടെത്താനും ഗവേഷണത്തെ കൂടുതൽ വിപുലമാക്കാനും ഉപയുക്തമാണ്.

**10. വിമർശനാത്മകമായ സമീപനം വളർത്താനും പരിമിതികളെ തിരിച്ചറിയാനും:**

നിലവിലുള്ള പഠനങ്ങളുടെ ശക്തികളും ദൗർബല്യങ്ങളും വിലയിരുത്തി, വിഷയത്തെക്കുറിച്ച് സന്തുലിതവും വിമർശനാത്മകവുമായ കാഴ്ചപ്പാട് നിർമ്മിക്കാനാവുന്നു എന്നതാണ് മറ്റൊരു പ്രധാന നേട്ടം . കാര്യക്ഷമമായി നടത്തിയ പൂർവപഠന പരിശോധന, ഗവേഷണ ചോദ്യത്തിന്റെ പ്രാധാന്യവും ഈ ജ്ഞാനമേഖലയിൽ അതിന്റെ സാധ്യതയും സ്വാധീനവും വ്യക്തമാക്കാൻ സഹായിക്കുന്നു. ഇതിനുമുമ്പ് മറ്റ് ഗവേഷകർ നേരിട്ട പരിമിതികൾ മനസ്സിലാക്കി നമ്മുടെ ഗവേഷണത്തിന്റെ പരിമിതികൾ മുൻകൂട്ടി കണ്ടെത്തി അത് പരിഹരിക്കാനുള്ള വഴികൾ കണ്ടെത്താനുള്ള വഴിയും ഇതുതന്നെയാണ്.

എന്തുകൊണ്ട് പൂർവപഠനാവലോകനം എന്ന ചോദ്യത്തിന് പൊതുവായി നൽകാവുന്ന ചില യുക്തികളാണ് മുകളിൽ അക്കമിട്ടു നൽകിയത്. ഈ യുക്തികളെ പിന്തുടർന്നുകൊണ്ട് പൂർവപ-ഠനാവലോകനം ചിട്ടപ്പെടുത്തിയാൽ സാഹിത്യ പരിശോധന സമഗ്രവും വിമർശനാത്മകവും ഉദ്ദേശ്യപൂർവ്വകവുമാകുകയും ഗവേഷണപ്രവർത്തനത്തിനും പ്രബന്ധരചനയ്ക്കും ശക്തമായ അടിത്തറ കെട്ടിപ്പടുക്കുകയും ചെയ്യും.

**ക്രമാനുഗതപൂർവപഠനപരിശോധന(Systematic Review of Literature )**

നിശ്ചിത ഗവേഷണ വിഷയത്തിൽ നിലവിലുള്ള എല്ലാ പഠനങ്ങളെയും തെളിവുകളെയും കണ്ടെത്താനും , വിലയിരുത്താനും, സംയോജിപ്പിക്കാനും ഉപയോഗിക്കുന്ന ശാസ്ത്രീയവും ക്രമീകൃതവുമായ ഒരു രീതി

അവലംബിക്കേണ്ട ആവശ്യകതയെക്കുറിച്ചാണ് മുകളിൽ വിശദീകരിച്ചത്. സിസ്റ്റമാറ്റിക് ലിറ്ററേച്ചർ റിവ്യൂ (Systematic Literature Review – SLR) എന്ന സമീപനത്തിന്റെ പ്രസക്തി അവിടെയാണ്. നമ്മുടെ ഗവേഷണവിഷയത്തെക്കുറിച്ച് സമഗ്രമായ ധാരണ നൽകുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

ഒരു പ്രത്യേക ഗവേഷണ ചോദ്യവുമായോ വിഷയവുമായോ ബന്ധപ്പെട്ട നിലവിലുള്ള ഗവേഷണ പഠനങ്ങളുടെയും പണ്ഡിതോചിതമായ ലേഖനങ്ങളുടെയും ചിട്ടയോടുകൂടിയ സമഗ്ര വിശകലനമാണ് ക്രമാനുഗത പൂർവപഠനപരിശോധന **(Systematic Review of Literature).** ഗവേഷണ ഫലങ്ങളെ സമന്വയിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ഒരുപകരണമായാണ് ക്രമാനുഗത പൂർവപഠനപരിശോധന പ്രവർത്തിക്കുന്നത്. ഒരു പ്രത്യേക വിഷയത്തെക്കുറിച്ചുള്ള അറിവിന്റെ നിലവിലെ അവസ്ഥയെ കൃത്യമായി മനസ്സിലാക്കാൻ സഹായിക്കുക എന്നതാണ് പ്രാഥമിക ലക്ഷ്യം. അതോടൊപ്പം ഒരു ഗവേഷകന്/ഗവേഷകയ്ക്ക് തന്റെ ഗവേഷണത്തെ സംബന്ധിച്ച കൃത്യമായ നയരൂപീകരണത്തിനുള്ള അടിത്തറയൊരുക്കുകയും ആ മേഖലയിലെ പ്രധാന കണ്ടെത്തലുകൾ, ആശയാവലികൾ, രീതിശാസ്ത്രം , ഭാവിയിൽ പുതിയ പഠനങ്ങളിലേയ്ക്ക് നയിക്കേണ്ട നിലവിലുള്ള ഗവേഷണത്തിലെ വിടവുകൾ എന്നിവ സംബന്ധിച്ച അവബോധരൂപീകരണത്തിലേക്കെത്തിക്കുന്നതുമാവണം ഏതു പൂർവപഠനവിശലനപ്രക്രിയയും. മാത്രമല്ല ചിട്ടയായ ക്രമാനുഗത പൂർവ്വപഠനപരിശോധന പക്ഷപാതരഹിതമായി ഗവേഷണത്തെ സമീപിക്കാൻ പുതിയ ഗവേഷകനെ സഹായിക്കുകയും പുതുതായി ലഭിക്കുന്ന തെളിവുകളിലൂടെ നിലവിലെ ഗവേഷണ കണ്ടെത്തലുകളെപ്പറ്റി പുനരാലോചിക്കാനും അറിവിനെ നവീകരിക്കാനുമുള്ള വഴിതുറന്നിടുകയും ചെയ്യുന്നു. ഇത്തരം പഠനങ്ങൾ ഗവേഷകർക്ക് അവരുടെ ഗവേഷണ ചോദ്യത്തിന്റെ സൈദ്ധാന്തിക അടിത്തറ ഉറപ്പിക്കാൻ സഹായിക്കുന്നതോടൊപ്പം, കൃത്യമായ രീതിശാസ്ത്രം രൂപപ്പെടുത്താനും വഴിയൊരുക്കുന്നു.

**സമീപനരീതി**

സിസ്റ്റമാറ്റിക് ലിറ്ററേച്ചർ റിവ്യൂ നടത്തുന്നതിനുള്ള പ്രധാന ഘട്ടങ്ങൾ ഇവയാണ്

1. ഗവേഷണ ചോദ്യം രൂപീകരിക്കുക

വ്യക്തമായി നിർവചിക്കപ്പെട്ട ഒരു ഗവേഷണ ചോദ്യത്തോടെയാണ് ഏത് SLR-ഉം ആരംഭിക്കുന്നത്. ക്ലിനിക്കൽ വിഷയങ്ങളിൽ, ഈ ചോദ്യം രൂപീകരിക്കുന്നതിന് PICO (Population, Intervention, Comparator, Outcome) പോലുള്ള മാതൃകകൾ ഉപയോഗിക്കാറുണ്ട്.

2. ഉൾപ്പെടുത്തുന്നതിന്റെയും ഒഴിവാക്കുന്നതിന്റെയും മാനദണ്ഡങ്ങൾ ഉറപ്പിക്കൽ (Inclusion and Exclusion Criteria)

ഏതൊക്കെ പഠനങ്ങളാണ് റിവ്യൂവിൽ ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കുന്ന നയസമീപനമാണിത്. പോപ്പുലേഷൻ, പഠന രൂപകൽപ്പന, പഠഫലങ്ങൾ, ഗവേഷണത്തിന്റെ തരം തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്.

3. പ്രവർത്തനരേഖ തയ്യാറാക്കൽ

റിവ്യൂവിന്റെ മുഴുവൻ രീതിശാസ്ത്രവും വിശദമാക്കുന്ന ഒരു പ്രവർത്തനരേഖ (പ്രോട്ടോക്കോൾ) തയ്യാറാക്കുക. ഇതിൽ വിവരങ്ങൾ തിരയുന്നതിനുള്ള തന്ത്രങ്ങൾ (Search Strategy), ഡാറ്റ വേർതിരിച്ചെടുക്കുന്നതിനുള്ള ഫോർമാറ്റുകൾ, വിശകലന രീതികൾ എന്നിവയെല്ലാം ഉൾപ്പെടേണ്ടതുണ്ട്. ഈ പ്രോട്ടോക്കോൾ PROSPERO പോലുള്ള അന്താരാഷ്ട്രരജിസ്ട്രികളിൽ പ്രസിദ്ധീകരിക്കുന്നത് സുതാര്യത വർദ്ധിപ്പിക്കാൻ സഹായിക്കും.

4. വിവരശേഖരണം നടത്തൽ (Conduct the Literature Search)

വിഷയവുമായി ബന്ധപ്പെട്ട പരമാവധി പഠനങ്ങൾ കണ്ടെത്തുന്നതിനായി ഒന്നിലധികം ഡാറ്റാബേസുകളിൽ ചിട്ടയായ തിരയൽ നടത്തുന്നു. ഓഫ് ലൈനും ഓൺലൈനുമായ തിരയലുകൾ സമന്വയിപ്പിക്കണം ഓരോ ഡാറ്റാബേസിനും അനുയോജ്യമായ രീതിയിൽ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്ത സൂത്രവാക്കുകളും (Keywords) നിയന്ത്രിത പദാവലികളും (Controlled Vocabulary) ഇതിനായി ഉപയോഗിക്കേണ്ടതുണ്ട്.

5. പഠനങ്ങൾ തിരഞ്ഞെടുക്കുക

തിരയലിലൂടെ ലഭിച്ച പഠനങ്ങളുടെ തലക്കെട്ടുകളും സംഗ്രഹങ്ങളും (Titles and Abstracts) പരിശോധിച്ച്, നേരത്തെ നിശ്ചയിച്ച മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രാഥമികമായി തിരഞ്ഞെടുപ്പ് നടത്തലാണ് അടുത്ത ഘട്ടം. അതിനുശേഷം, തിരഞ്ഞെടുത്ത പഠനങ്ങളുടെ പൂർണ്ണരൂപം വായിച്ച് അന്തിമ യോഗ്യത ഉറപ്പാക്കുന്നു. തിരഞ്ഞെടുപ്പിലെ പക്ഷപാതങ്ങൾ (Selection Bias) ഒഴിവാക്കാൻ സാധാരണയായി രണ്ട് റിവ്യൂവർമാർ സ്വതന്ത്രമായി ഈ ഘട്ടത്തിൽ ഇടപെടുന്നത് നന്നായിരിക്കും.

6. ദത്തങ്ങളെ വേർതിരിച്ചെടുക്കൽ (Extract Data)

ഉൾപ്പെടുത്തിയ ഓരോ പഠനത്തിൽ നിന്നും ആവശ്യമായ വിവരങ്ങൾ മുൻകൂട്ടി തയ്യാറാക്കിയ ഒരു ഡാറ്റ എക്സ്ട്രാക്ഷൻ ഫോം ഉപയോഗിച്ച് വേർതിരിച്ചെടുക്കുന്നു. പഠനത്തിന്റെ സ്വഭാവം, രീതികൾ, പങ്കെടുത്തവർ, ഇടപെടലുകൾ, ഫലങ്ങൾ, കണ്ടെത്തലുകൾ തുടങ്ങിയ വിവരങ്ങളാണ് സാധാരണയായി ശേഖരിക്കുന്നത്. സൊറ്റേറോ പോലുള്ള റഫറൻസ് മാനേജ്മെന്റ് സോഫ്റ്റ് വെയറുകൾ ഈ ഘട്ടങ്ങളിലെല്ലാം ഉപയോഗിക്കുന്നതാണ് അഭികാമ്യം.

7. പഠനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുക

തിരഞ്ഞെടുത്ത ഓരോ പഠനത്തിന്റെയും ഗുണനിലവാരം വിലയിരുത്തി അവയിലെ പക്ഷപാതസാധ്യത (Risk of Bias) നിർണ്ണയിക്കണം. പഠന രൂപകൽപ്പന അനുസരിച്ച് ഗുണനിലവാരം അളക്കാൻ വ്യത്യസ്ത ടൂളുകൾ ഇന്ന് ലഭ്യമാണ്.

8. ദത്തവിശകലനവും സംയോജനവും

ഗവേഷണ ചോദ്യത്തിന് ഉത്തരം നൽകുന്നതിനായി ശേഖരിച്ച ഡാറ്റയെ വിശകലനം ചെയ്യുന്നു . ഡാറ്റയുടെ സ്വഭാവം അനുസരിച്ച് ക്വാളിറ്റേറ്റീവ് സംഗ്രഹമോ യോ ക്വാണ്ടിറ്റേറ്റീവ് സംഗ്രഹമോ ആകാം.

9. കണ്ടെത്തലുകളെ റിപ്പോർട്ടുകളാക്കി എഴുതൽ

റിവ്യൂവിന്റെ ഫലങ്ങൾ ഒരു നിശ്ചിത ഘടനയിൽ റിപ്പോർട്ട് ചെയ്യുന്നതാണ് അടുത്ത ഘട്ടം. ഇതിൽ ആമുഖം, ഉപയോഗിച്ച രീതികൾ, ഫലങ്ങൾ, നിഗമനങ്ങൾ എന്നിവ ഉൾപ്പെടുന്നു. PRISMA (Preferred Reporting Items for Systematic Reviews and Meta-Analyses) പോലുള്ള റിപ്പോർട്ടിംഗ് മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം റിപ്പോർട്ട് തയ്യാറാക്കേണ്ടത്.

10. വ്യാഖ്യാനവും നിഗമനവും

കണ്ടെത്തലുകളെ തെളിവുകളുടെ ഗുണനിലവാരം, പ്രസക്തി, പ്രായോഗികത എന്നിവയുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്നതാണ് അവസാന പടി. റിവ്യൂവിന്റെ പരിമിതികൾ വ്യക്തമാക്കുകയും ഭാവിയിൽ ഈ വിഷയത്തിൽ നടക്കേണ്ട ഗവേഷണങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നത് ഈ ഘട്ടത്തിലാണ്.

**മലയാളഗവേഷണപ്രബന്ധങ്ങളിലെ പൂർവപഠനാവലോകനത്തിന്റെ സ്വഭാവം – ഒരു വിശകലനം**

ഇത്തരത്തിലുള്ള സാഹിത്യ വിശകലനങ്ങൾ ഒറ്റപ്പെട്ട പഠനമെന്ന നിലയിലോ പ്രബന്ധരചന പോലെയുള്ള ഒരു വലിയ ഗവേഷണ പദ്ധതിയുടെ ഭാഗമായോ നടത്താവുന്നതാണ്. ശാസ്ത്രഗവേഷണത്തിൽ സാഹിത്യ വിശകലനങ്ങൾ (ലിറ്ററി റിവ്യൂ) വളരെ പ്രാധാന്യത്തോടെ നിർവ്വഹിക്കപ്പെടുമ്പോൾ  മലയാള ഭാഷാസാഹിത്യ ഗവേഷണത്തിൽ സാഹിത്യ വിശകലനത്തെ പൊതുവെ പൂർവപഠനങ്ങളുടെ അവതരണം എന്ന നിലയിലാണ് അവതരിപ്പിച്ചു കാണാറ്, പ്രത്യേകിച്ചും ഗവേഷണ പ്രബന്ധങ്ങളിൽ. തെരഞ്ഞെടുത്ത ഗവേഷണ വിഷയത്തെ സംബന്ധിച്ച പൂർവ്വധാരണകളെ മനസ്സിലാക്കാനും പഠനരീതികളിൽ പോരായ്മകളുണ്ടെങ്കിൽ അവയെ തിരുത്താനും പഠനത്തിൽ പുതുവഴി തേടാനും ഗവേഷകനെ ഗവേഷണത്തിന്റെ ആദ്യഘട്ടത്തിൽ സഹായിക്കുന്നത്  അതതു മേഖലകളിലെ പൂർവ്വപഠന വിശകലനമാണ്. പൂർവപഠിതാവിന്റെആശയങ്ങളോട് വിമർശനാത്മകമായ വിയോജിപ്പുകൾ രേഖപ്പെടുത്താനുള്ള അവസരവും ഇവിടെയുണ്ട്.  അതുകൊണ്ടു തന്നെ പിന്നീട് ആ ഗവേഷണ മേഖലയിലേക്ക് കടന്നു വരുന്നവർക്കും ഇത് പ്രയോജനപ്രദമാകും. മലയാളസാഹിത്യവുമായി ബന്ധപ്പെട്ടു നടത്തുന്ന പൂർവപഠന വിശകലനങ്ങൾ പൊതുവെ ഈ രീതിയിൽ വേണ്ടത്ര ശ്രദ്ധയോടെയോ ഗൗരവത്തോടെയോ വിഷയത്തെ വിശകലനം ചെയ്തു കാണുന്നില്ല. ഈ സന്ദർഭത്തിൽ സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും മേഖലകളെ പഠനവിധേയമാക്കുന്ന, തെരഞ്ഞെടുത്ത  ചില പ്രബന്ധങ്ങളിലെ  പൂർവ്വപഠനപരിശോധനയെ അപഗ്രഥിച്ചുകൊണ്ട് നിലവിൽ മലയാള ഗവേഷണ പ്രബന്ധങ്ങളിലെ സാഹിത്യവിശകലനത്തിന്റെപൊതു സ്വഭാവത്തെയും ആ മേഖലയിൽ ഉപയോഗിക്കാവുന്ന ചില സാധ്യതകളെയും ചൂണ്ടിക്കാട്ടാനാണ് ശ്രമിക്കുന്നത്.

'സ്വപ്നാഖ്യാനം മലയാളചെറുകഥയിൽ' എന്ന ശീർഷകത്തിൽ കേരള-സർവ്വകലാശാലയിൽ സമർപ്പിക്കപ്പെട്ട പ്രബന്ധത്തിന്റെആമുഖത്തിൽ പൂർവ്വപഠനങ്ങളെ പരാമർശിക്കുന്ന സന്ദർഭത്തിൽ സ്വപ്നങ്ങളെയും സാഹിത്യത്തെയും മന:ശാസ്ത്രപരമായി അപഗ്രഥിക്കുന്ന പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും നിർദ്ദിഷ്ട വിഷയമേഖലയിൽ സ്വപ്നാഖ്യാനവുമായി ബന്ധപ്പെട്ട പഠനങ്ങളൊന്നും തന്നെയില്ലെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. പ്രബന്ധത്തിലെ ആദ്യാദ്ധ്യായത്തിൽ ഗിൽഗമേഷ് തൊട്ടിങ്ങോട്ടുള്ള രചനകളിലെ സ്വപ്നാഖ്യാനങ്ങളെപ്പറ്റി

നീണ്ടവിവരണം തന്നെ നൽകുന്നുണ്ട്. അവിടെയും പൂർവ്വ നിരീക്ഷണങ്ങളോടുള്ള തന്റെ പ്രതികരണങ്ങളെ ഗവേഷകൻ രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല ചെറുകഥയല്ലാതെയുള്ള മറ്റു സാഹിത്യങ്ങളിൽ ഏതെങ്കിലും തരത്തിൽ സ്വപ്നാഖ്യാനങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ടോയെന്നുള്ള സാമാന്യമായ അന്വേഷണം പോലും നടത്തിയതായി കാണുന്നില്ല. പഠനാർത്ഥം രൂപപ്പെടുത്തിയ സൈദ്ധാന്തിക സമീപനത്തെ സംബന്ധിച്ച കേവലവിവരണം മാത്രമായി ഇവിടെ പൂർവ്വപഠനപരിശോധന ചുരുങ്ങിപ്പോയിരിക്കുന്നു. ഇത് സ്വീകാര്യമായ രീതിയല്ല.

മഹാത്മാഗാന്ധി സർവകലാശാലയിൽ സമർപ്പിക്കപ്പെട്ട 'നവമാധ്യമങ്ങളും കേരളീയ പൊതുമണ്ഡലങ്ങളും' എന്ന പ്രബന്ധത്തിന്റെ ആമുഖത്തിൽത്തന്നെയാണ് പൂർവ്വപഠനവിശകലനം നിർവ്വഹിച്ചിരിക്കുന്നത്. ഗവേഷണ പ്രബന്ധങ്ങൾ, പുസ്തകങ്ങൾ,ആനുകാലികങ്ങൾ എന്നിങ്ങനെ പൂർവ്വപഠനങ്ങളെ സമാഹരിച്ചിരിക്കുന്നു. ഇവിടെ രചനകളുടെ പേരും രചയിതാക്കളുടെ പേരും മാത്രമാണ് പരാമർശിച്ചുകാണുന്നത്. വീണ്ടും പൂർവ്വപഠന വിശകലനമെന്ന പേരിൽ, പഠനസ്വഭാവത്തെ അടിസ്ഥാനമാക്കി പൂർവ്വപഠനങ്ങളെ മൂന്നായി തിരിച്ച് അവയ്ക്കുദാഹരണമായി പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും തലക്കെട്ടുകൾ കൊടുത്തിരിക്കുന്നു.തുടർന്ന് വിഷയസമീപനരീതിയനുസരിച്ച് വീണ്ടും മൂന്നു ഗണങ്ങളായി തിരിച്ച് ഈ മേഖലയിലുണ്ടായിട്ടുള്ള പഠനങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇത്തരം തരം തിരിവുകൾക്കടിസ്ഥാനമായ നിരീക്ഷണങ്ങൾ എന്താണെന്നോ ഗവേഷണ പദ്ധതിയേയും രീതിശാസ്ത്രത്തെയും രൂപപ്പെടുത്തുന്നതിൽ ഇവയുടെ പങ്കെന്തെന്നോ  ഈ പൂർവ്വപഠനങ്ങളിൽ നിന്നും സ്വന്തം ഗവേഷണത്തെ വ്യതിരിക്തമാക്കുന്ന ഘടകങ്ങളെന്തെന്നോ ഇവിടെ അവലോകനം ചെയ്യുന്നില്ല. കേരളീയ പൊതുമണ്ഡല രൂപീകരണത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള പ്രധാന പഠനങ്ങളെപ്പോലും പൂർവ്വപഠന വിശകലനത്തിലുൾപ്പെടുത്തിയിട്ടില്ലായെന്നത്  ഈ പഠനത്തിന്റെ പോരായ്മയാണ്. ഈ മേഖലയിൽ ഗവേഷണം ചെയ്യാനാഗ്രഹിക്കുന്നവർക്ക് സഹായകമാകുന്ന ഗ്രന്ഥസൂചിയുടെ സ്വഭാവമാണ് ഇവിടെ പൂർവ്വപഠനവിശകലനത്തിനുള്ളത് എന്നു പറയാം.

ശരീരം, തന്മ, സമൂഹം എന്നിവയെ അടിസ്ഥാനമാക്കി സമകാലിക മലയാള നോവലുകളിലെ മുസ്ലീം പ്രതിനിധാനത്തെ അന്വേഷിക്കുന്ന പ്രബന്ധത്തിന്റെ ആമുഖത്തിൽ പൂർവപഠനങ്ങളെപ്പറ്റി പറയുന്ന സന്ദർഭത്തിൽ നിർദ്ദിഷ്ട പഠനമേഖലയിൽ ശ്രദ്ധേയമോ ഗൗരവതരമോ ആയ പഠനങ്ങൾ ഇല്ലെന്നു പ്രസ്താവിച്ചു കൊണ്ട് സ്ത്രീ എന്ന പൊതുഗണത്തിൽ മുസ്ലീം സ്ത്രീകളെയും പരിഗണിച്ചു കൊണ്ടുള്ള പഠനങ്ങൾ മാത്രമാണുള്ളതെന്ന് വാദിക്കുന്നു. തുടർന്ന്  മുസ്ലീം സ്ത്രീയുടെ സാമൂഹിക സാംസ്കാരിക പ്രതിനിധാനത്തെ സംബന്ധിച്ചുണ്ടായ  പഠനങ്ങളെ സാമൂഹിക വിശകലനാത്മകം, വിമർശനാത്മകം, ജീവചരിത്രാത്മകം എന്നിങ്ങനെ മൂന്നായി തിരിച്ച് അതതു പഠന മേഖലകളിൽ ഉണ്ടായിട്ടുള്ള രചനകളെ സംബന്ധിച്ച സൂചനകൾ നൽകുന്നു.  ഇന്ന രചനകൾ ഇന്ന വിഭാഗത്തിൽപ്പെടുന്നു എന്ന മട്ടിലുള്ള ഈ അവതരണം ആ മേഖലയിൽ പഠിക്കാനോ ഗവേഷണം ചെയ്യാനോ ഉദ്ദേശിക്കുന്നവർക്ക് സഹായകമായേക്കാമെങ്കിലും ഈ പഠനങ്ങളുടെ  പൊതുസ്വഭാവത്തെ സംബന്ധിച്ച ഗൗരവതരമായ ആലോചന ഇവിടെ കാണുന്നില്ല.പഠനത്തെ സംബന്ധിച്ച അനുകൂലമോ വിമർശനാത്മകമോ ആയ നിരീക്ഷണങ്ങളും അവതരിപ്പിക്കുന്നില്ല. ഈ പഠനങ്ങളിൽ നിന്ന് ഏതു നിലയ്ക്കാണ് തന്റെഗവേഷണ പ്രബന്ധം വ്യതിരിക്തത പുലർത്തുന്നതെന്നും ഗവേഷക വിശദീകരിക്കുന്നില്ല. എന്നാൽ ഗവേഷണ വിഷയവുമായി ബന്ധപ്പെടുത്താവുന്ന പ്രബന്ധങ്ങളെ  പരിചയപപ്പെടുത്തുന്ന സന്ദർഭത്തിൽ  അവ മുസ്ലീം സ്ത്രീകളുടെ സാംസ്കാരിക രാഷ്ട്രീയ ജിവിതത്തെ വിശകലനത്തിനെടുക്കുന്നില്ല എന്ന പരിമിതിയെ

ചൂണ്ടിക്കാട്ടുന്നു. ആദ്യ അദ്ധ്യായത്തിലേയ്ക്ക് കടക്കുമ്പോൾ ശരീരം, തന്മ, സമൂഹം എന്നീ താക്കോൽവാക്കുകളെ തത്വശാസ്ത്രം,സാമൂഹ്യശാസ്ത്രം, സ്ത്രീവാദം,ലിത് വാദം എന്നിവ നോക്കിക്കണ്ടതെങ്ങനെയെന്ന് വിശദീകരിക്കുന്നുണ്ട്. ഇവിടെ ആധുനിക ചിന്താപദ്ധതിയുടെ ഭാഗമായി രൂപം കൊണ്ട ഫെമിനിസ്റ്റ് സ്കൂൾ പോലും മുസ്ലീംസ്ത്രീയുടെ നിർവ്വാഹകത്വത്തെ സംബന്ധിച്ച ആലോചനകൾ ചർച്ചയ്ക്കെടുത്തിട്ടില്ലായെന്ന വിമർശനം ഗവേഷക ഉന്നയിക്കുന്നു. പൂർവ്വപഠനപരിശോധനയുടെ പിൻബലത്തിൽ നിന്ന് രൂപപ്പെട്ട ചില ഗവേഷണചോദ്യങ്ങൾ ഗവേഷക ഉന്നയിക്കുന്നുണ്ട്. പൂർണ്ണാർത്ഥത്തിൽ സ്വീകരിക്കാവുന്ന സാഹിത്യവിശകലന രീതിയല്ലെങ്കിലും പഠനങ്ങളുടെ പേരുകൾ പറഞ്ഞുപോകുന്നതിനേക്കാൾ നിലവാരമുള്ള പൂർവ്വപഠനപരിശോധയാണ് ഈ പ്രബന്ധത്തിൽ സ്വീകരിച്ചിട്ടുള്ളത്.

കാലടി സംസ്കൃത സർവ്വകലാശാലയിൽ സമർപ്പിക്കപ്പെട്ട 'സമൂഹപരിണാമവും സ്വത്വപരിണാമവും കേരളീയ സ്ത്രീകളുടെ ആത്മകഥകളിൽ' എന്ന പ്രബന്ധം കേരളീയസ്ത്രീകളുടെ സ്വത്വരൂപീകരണവും ആത്മകഥകളും തമ്മിലുള്ള ബന്ധത്തെ ചരിത്രാത്മകമായി വിശകലനം ചെയ്യുന്ന പഠനമാണ്. ഒരു സാംസ്കാരിക നിർമ്മിതിയെന്ന നിലയിൽ ആത്മകഥകളെ വായിച്ചെടുക്കുന്ന ഈ പ്രബന്ധത്തിന്റെ ആമുഖത്തിൽ തന്നെ ഗവേഷക വിഷയമേഖലയുമായി ബന്ധപ്പെട്ട പൂർവപഠനങ്ങളുടെ വിശകലനം നിർവ്വഹിക്കുന്നുണ്ട്. പൂർവ്വപഠനങ്ങളെ മുഴുവൻ പേരു പറഞ്ഞു പരിചയപ്പെടുത്തുന്ന രീതിയല്ല ഇവിടെ സ്വീകരിച്ചിട്ടുള്ളത്. പ്രബന്ധത്തിന്റെ ആശയാടിത്തറയായി വർത്തിക്കുന്ന, പ്രധാനമെന്നു കരുതുന്ന പഠനങ്ങളെ മാത്രമാണ് വിശകലനം ചെയ്യുന്നത്. ഏതാനും ചില പുസ്തകങ്ങളെയും ലേഖനങ്ങളെയും വിശകലന വിധേയമാക്കുന്ന പ്രബന്ധകാരി അവയിലെ പ്രധാന നിരീക്ഷണങ്ങളെ അവതരിപ്പിച്ചു പോകുന്ന ഒഴുക്കൻ മട്ടാണ് വിശകലനത്തിൽ സ്വീകരിച്ചിട്ടുള്ളത്. എങ്കിലും ചില സന്ദർഭത്തിൽ ഈ പഠനങ്ങളിലെ ചില ന്യൂനതകളെ എടുത്തുകാട്ടാനും വിയോജിപ്പുകളെ വിമർശനാത്മകമായി അവതരിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. ആദ്യകാല ആത്മകഥാപഠനങ്ങളിൽ നിന്ന് പുതിയകാലത്തേയ്ക്കെത്തുമ്പോൾ ആത്മകഥകളുടെ കേവലവിവരണമെന്നതിൽ നിന്ന് ആത്മത്തെത്തന്നെ പ്രശ്നവൽക്കരിക്കുന്നതിലേയ്ക്ക് പഠനങ്ങളുടെ ഗതി മാറുന്നുവെന്ന നിരീക്ഷണം ഗവേഷക അവതരിപ്പിക്കുന്നു. പൂർവ്വപഠനങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ സ്ത്രീ ആത്മകഥകളുടെ ചരിത്രാത്മക പഠനങ്ങൾ മലയാളത്തിലുണ്ടായിട്ടില്ലെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് തന്റെ വിഷയമേഖലയെ ഉറപ്പിക്കുന്നത്. അതിലൂടെ പഠനത്തിനനുയോജ്യമായമായ രീതിശാസ്ത്രത്തെ രൂപപ്പെടുത്താനും പ്രബന്ധകാരിക്ക് കഴിഞ്ഞിട്ടുണ്ട്. മാതൃകാപരമായ ഒരു പൂർവ്വപഠനപദ്ധതിയെന്ന പറയാനാവില്ലെങ്കിലും ആഴത്തിലുള്ള പരിശോധനയിലൂടെ വിശകലനാത്മകമായി ഈ പഠനങ്ങളെ ഉപയോഗപ്പെടുത്തിയിരുന്നെങ്കിൽ മറ്റു ഗവേഷകർക്കും കടന്നു ചെല്ലാവുന്ന കൂടുതൽ സാധ്യതകളെ ചൂണ്ടിക്കാണിക്കാൻ ഗവേഷകയ്ക്കു കഴിയുമായിരുന്നു.

നിലവിലുള്ള ക്രമാനുഗതപൂർവ്വപഠന പരിശോധനകളിൽ നിന്ന് തീർത്തും വ്യത്യസ്തമാണ് കേരള സർവ്വകാശാലയിൽ സമർപ്പിക്കപ്പെട്ട ' പാണന്മാരുടെ ജീവിതവും സംസ്കാരവും - ഒരു നാടോടിവിജ്ഞാനീയ പഠനം' എന്ന പ്രബന്ധത്തിലെ പൂർവ്വപഠന പരിശോധന. ഈ പ്രബന്ധത്തിൽ പാണസമുദായത്തെ സംബന്ധിച്ചുണ്ടായിട്ടുള്ള പഠനങ്ങളെക്കുറിച്ചുള്ള സൂചനകൾ ആമുഖത്തിൽ

ഇറയം റിസർച്ച് ജേർണൽ
September-December 2024 Volume VIII Issue 3

നൽകിയതിനു ശേഷം സംഘകാലസാഹിത്യം, വംശീയ രേഖകൾ, പിൽക്കാലരേഖകൾ, നരവംശശാസ്ത്രപരമായ വിജ്ഞാനകോശങ്ങൾ, ഉല്പത്തിപുരാവൃത്തങ്ങൾ, പാണരെപ്പറ്റിയുള്ള സാഹിത്യ സാംസ്കാരികചരിത്രങ്ങളിലെ പരാമർശങ്ങൾ, പഴഞ്ചൊല്ലുകൾ എന്നിങ്ങനെ പാണസമുദായത്തെക്കുറിച്ച് നിലവിലുള്ള മുഴുവൻ അറിവുകളെയും ചരിത്രപരമായി അടുക്കിയിരിക്കുന്നു. പൂർവ്വപഠന പരിശോധനയുടെ ഓരോ ഘട്ടത്തിലും പല വീക്ഷണങ്ങളോടുമുള്ള വിയോജിപ്പുകളും രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യസ്തഘട്ടങ്ങളിലൂടെ എങ്ങനെയാണ് പാണന്മാരെ സംബന്ധിച്ച പലതരം ബോധങ്ങൾ സൃഷ്ടിക്കപ്പെട്ടതെന്ന് അവലോകനം ചെയ്യുകയും അവയെ താരതമ്യം ചെയ്ത് പാണർ എന്ന ജാതിയെ സംബന്ധിച്ച് നിലനിൽക്കുന്ന ആഖ്യാനങ്ങളുടെ പൊതുസ്വഭാവത്തെ അവതരിപ്പിക്കുകയും ചെയ്യുന്നു. പാണരെ സംബന്ധിച്ച് നിലനിൽക്കുന്ന പൂർവ്വധാരണകളെ പൊളിച്ചുകൊണ്ടാണ് പ്രബന്ധകാരൻ തന്റെപഠനത്തെ മുന്നോട്ടു കൊണ്ടുപോകുന്നത്. നിലവിൽ പൂർവ്വപഠനവിശകലനങ്ങളിൽ കാണുന്നതു പോലെ വിഷയമേഖലയുമായി ബന്ധപ്പെട്ട പഠനങ്ങളെ എടുത്ത് ഒന്നൊന്നായി അതിലെ വസ്തുതകളെ പറഞ്ഞുപോകുന്നതിൽ നിന്നു ഭിന്നമായി പഠനമേഖലയെ തീർത്തും വ്യത്യസ്തമായ വീക്ഷണത്തോടെ സമീപിക്കുകയും മുൻകാല പഠനങ്ങളെ അവലോകനം ചെയ്യുകയും അതിൽ നിന്ന് ചില തീർപ്പുകളിലേയ്ക്കെത്തുകയും ചെയ്യുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് തുടർന്നുള്ള അധ്യായങ്ങളെ ഗവേഷകൻ സംവിധാനം ചെയ്തിരിക്കുന്നത്. ഇവിടെ നിർദ്ധാരണം ചെയ്യപ്പെടുന്ന പല വസ്തുതകളും ഈ വിഷയമേഖലയിൽ ഗവേഷണം ചെയ്യാനാഗ്രഹിക്കുന്നവർക്ക് വഴി തുറന്നു നൽകുന്നവയാണ്. അതുകൊണ്ടു തന്നെ ഈ രീതി ക്രമാനുഗതപൂർവ്വപഠനത്തിൽ ഉപയോഗപ്പെടുത്താവുന്ന ഒരു സാധ്യതയാണ്.

ക്രമാനുഗതപൂർവ്വപഠനപരിശോധനയെ സംബന്ധിച്ച് വേണ്ടത്ര പരിജ്ഞാനമില്ലാത്തതോ പഠനത്തിൽ പുലർത്തുന്ന ജാഗ്രതക്കുറവോ ആണ് മേല്പറഞ്ഞ പ്രശ്നങ്ങൾക്കു കാരണമാകുന്നത്. മലയാളഗവേഷണമേഖലയെ സംബന്ധിച്ചിടത്തോളം പുറത്തിറങ്ങുന്ന ഗവേഷണപ്രബന്ധങ്ങളുടെ എണ്ണം വളരെക്കൂടുതലാണ്. അവയിൽ നിന്നും പ്രത്യേക മാനദണ്ഡങ്ങളൊന്നുമില്ലാതെ തെരഞ്ഞെടുത്ത അഞ്ചു പ്രബന്ധങ്ങളിലെ പൂർവ്വപഠന വിശകലനങ്ങളെയാണ് ഇവിടെ പഠനവിധേയമാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ പഠനത്തിന് പരിമിതിയുമുണ്ട്. പൂർവ്വപഠനപരിശോധനയിൽ സ്വീകരിക്കാവുന്ന ചില രീതികളെയും ഉപേക്ഷിക്കേണ്ട രീതികളെയും സൂചിപ്പിക്കാൻ മാത്രമാണ് ഇവിടെ ശ്രമിച്ചിട്ടുള്ളത്. ചിട്ടയായ ഗവേഷണത്തിന്റെ തുടക്കത്തിനും വളർച്ചയ്ക്കും പരിസമാപ്തിക്കും അടിത്തറയിടുന്നതിൽ നിർണായകമായ പങ്ക് ക്രമാനുഗതപൂർവ്വപഠനപരിശോധനയ്ക്കുണ്ട്.

അതുകൊണ്ടു തന്നെ ഒരു നല്ല പൂർവ്വപഠനപരിശോധന പ്രസക്തമായ എല്ലാ പഠനങ്ങളും പഠനസ്രോതസ്സുകളും ഉൾക്കൊള്ളും വിധം സമഗ്രമായിരിക്കണം. അവയിൽ നിന്ന് സഹായകമായ ദത്തങ്ങളെ വേർതിരിച്ചെടുക്കാനാകണം. മാത്രമല്ല വ്യക്തവും സുതാര്യവുമായ ഒരു രീതിശാസ്ത്രത്തെ പിന്തുടരാൻ സഹായകമാകണം. അതോടൊപ്പം ഉൾപ്പെടുത്തിയ പഠനങ്ങളുടെ ഗുണനിലവാരവും പ്രസക്തിയും വിമർശനാത്മകമായി വിലയിരുത്താൻ സാധിക്കണം.കൃത്യമായ പഠനമേഖലയെ കണ്ടെത്താൻ പര്യാപ്തവും ത്യാജ്യഗ്രാഹ്യ വിവേചനം സാധ്യമാക്കുന്നതുമാകണം. കണ്ടെത്തലുകളെ യുക്തിഭദ്രമായി അവതരിപ്പിക്കാനും അവയുടെ അനന്തരഫലങ്ങളെ വ്യക്തമായും സംക്ഷിപ്തമായും സൂചിപ്പിക്കാനും കഴിയണം. ഇത്രയും കാര്യങ്ങൾ ശ്രദ്ധിക്കുമ്പോൾ മാത്രമെ പൂർവ്വപഠന പരിശോധന ആധികാരികമാവുകയുള്ളൂ.

**റഫറൻസ്**

Booth, Andrew, et al. *Systematic Approaches to a Successful Literature Review*. Second edition, SAGE, 2016.

Egger, Matthias, et al., editors. *Systematic Reviews in Health Research: Meta-Analysis in Context*. Third edition, Wiley-Blackwell, BMJI Books, 2022. *K10plus ISBN*, https://doi.org/10.1002/9781119099369.

Ridley, Diana. *The Literature Review: A Step-by-Step Guide for Students*. SAGE, 2012.

**പി എച്ച് ഡി പ്രബന്ധങ്ങൾ**

കിരൺ മോഹൻ എം, സ്വപ്നാഖ്യാനം മലയാള ചെറുകഥയിൽ, കേരള സർവകലാശാല, 2019

ശ്രീജിത് കുമാർ .വി എസ്, നവമാധ്യമങ്ങളും കേരളീയ പൊതുമണ്ഡലവും മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം.

സബീന ബാനു .എം , ശരീരം, തന്മ, സമൂഹം: മുസ്ലീം സ്ത്രീ പ്രതിനിധാനം സമകാലിക മലയാള നോവലിൽ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി, 2022

സന്തോഷ്, എച്ച്.കെ., പാണന്മാരുടെ ജീവിതവും സംസ്കാരവും ഒരു നാടോടിവിജ്ഞാനീയ പഠനം, കേരള സർവകലാശാല, 2016

സൗമ്യ ദാസൻ, സമൂഹപരിണാമവും സ്വത്വ പരിണാമവും കേരളീയ സ്ത്രീകളുടെ ആത്മകഥകളിൽ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി,